Santhigiri

ഗുരുവാണി

"അന്ധമായ നിഷേധം ഗുണത്തേക്കാളേറെ ദോഷം ചെയ്യും. നിഷേധിക്കുന്നത് കാര്യകാരണ വിവേചനത്തോടു കൂടിയായിരിക്കണം."

# ഉമ്മിണിതങ്കം

VOL 05 | ISSUE 42 | 2019 ഒക്ടോബർ 20 | 1194 തുലാം 03

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

## കേരള ഗവർണർ 23ന് ശാന്തിഗിരി ആശ്രമം സന്ദർശിക്കും



ആരിഫ് മുഹമ്മദ് ഖാൻ

**സ്പിരിച്വൽ സോൺ :** കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഒക്ടോബർ 23 ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് ആശ്രമം സന്ദർശിക്കും. സന്ന്യാസി സന്ന്യാസിനിമാരുടെ നേതൃത്വത്തിൽ മുത്തുക്കുട, വാദ്യമേളങ്ങൾ എന്നിവയോടെ സ്വീകരണം നൽകും. ഈയിടെ ഗവർണറെ സന്ദർശിച്ച ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അദ്ദേഹത്തെ ആശ്രമത്തിലേക്ക് ക്ഷണിച്ചിരുന്നു. സന്ദർശന വേളയിൽ സംസ്ഥാനത്തിന്റെ ബഹുസ്വരത രാജ്യത്തിനാകെ മാതൃകയാണെന്ന് ഗവർണർ അഭിപ്രായപ്പെട്ടിരുന്നു.

ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച സെമിനാറുകളിൽ നിന്ന് തെരഞ്ഞെടുത്ത പ്രഭാഷണങ്ങളടങ്ങിയ ന്യൂഡൽഹിയിലെ കൺസപ്റ്റ് പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'വിസ്ഡം ട്രെഡിഷൻ:കൾച്ചറൽ ക്രിയേറ്റിവിറ്റി ആന്റ് സോഷ്യൽ ചെയ്ഞ്ച്' എന്ന പുസ്തകം ആ അവസരത്തിൽ ഗവർണർക്ക് നൽകിയിരുന്നു.

1951 ൽ ഉത്തർ പ്രദേശിലെ ബുലന്ദ്ശഹറിൽ ജനിച്ച ആരിഫ് മുഹമ്മദ് ഖാൻ അലിഗഢ് സർവകലാശാലയിലും, ലഖ്നൗ സർവകലാശാലയിലുമായി പഠനം പൂർത്തിയാക്കിയതിനു ശേഷം വിദ്യാർഥി നേതാവായാണ് രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചത്. യുപി മുൻ മുഖ്യമന്ത്രി ചരൺ സിംഗ് രൂപീകരിച്ച രാഷ്ട്രീയ പാർട്ടിയായ ഭാരതീയ ക്രാന്തി ദൾ പാർട്ടിയിലാണ് അദ്ദേഹം രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയത്.

1980ൽ കാൺപൂരിൽ നിന്നും ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1986ൽ രാജീവ് ഗാന്ധി മന്ത്രിസഭയിൽ ഊർജമന്ത്രിയായിരുന്നു. മുസ്‌ലിം സ്ത്രീകൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച് ലോക്സഭയിൽ അവതരിപ്പിച്ച ബില്ലിനോടു പ്രതിഷേധിച്ച് അദ്ദേഹം രാജിവച്ചത് അക്കാലത്തെ വലിയ വാർത്തപ്രാധാന്യം നേടിയ സംഭവമായിരുന്നു. ആരിഫ് ഖാനും അദ്ദേഹത്തിന്റെ പത്നി രേഷ്മ ആരിഫും ചേർന്ന് ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായി സമർപ്പൺ എന്ന പേരിൽ ഒരു സന്നദ്ധ സംഘടന നടത്തിവരികയായിരുന്നു. ജസ്റ്റിസ് പി സദാശിവത്തെ തുടർന്ന് കേരളത്തിന്റെ 22-ാമത് ഗവർണറായി സെപ്റ്റംബർ 6ന് അദ്ദേഹം ചുമതലയേറ്റു.

Gurucharanam Saranam

Santhigiri

Buy Santhigiri Products Online

www.santhigirionline.com

Ayurveda & Siddha Medicines
Curry Powders | Pickles | Jam & Squash
Cosmetics | Soaps & Detergents
Dhoties & Towels | Publications




Call: 94477 77933, 94477 77822

AN INTERNATIONAL BUILDER IN TRIVANDRUM



യു.എ.ഇ.യിലും യൂറോപ്പിലും ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ചർച്ചയ്ക്കെത്തിയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഇബ്രാഹിം സെയ്ദ് അഹമ്മദ് ലൂട്ടാഹിനോടൊപ്പം

## യു.എ.ഇ.യിലും യൂറോപ്പിലും ശാന്തിഗിരി ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കും

**ദുബായ്:**യു.എ.ഇ.യിലും വിവിധ യൂറോപ്യൻ രാജ്യങ്ങളിലും ശാന്തിഗിരിയുടെ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ധാരണയായി.

ലുട്ടാഹ് ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ഇബ്രാഹിം സയ്ദ് അഹമ്മദ് ലുട്ടാഹുമായി ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഇതു സംബന്ധിച്ച ചർച്ച നടത്തി. സ്വാമി വത്സലൻ ജ്ഞാനതപസ്വിയും ചർച്ചയിൽ പങ്കെടുത്തു. ചൈന, ജപ്പാൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലും ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

# ഗുരുവാണി

ഗുരുഗീതയിൽ പാർവതി ശിവനോടു ചോദിക്കുന്നു, അങ്ങു സമസ്തജീവികളുടെയും ജീവനായിട്ടു സ്ഥിതി ചെയ്യുകയും ത്രിമൂർത്തികളിൽ ഏറ്റവും വലിയ താപസിയും ശ്രേഷ്ഠനുമായിരുന്നിട്ടും ആരെയാണു ധ്യാനം ചെയ്യുന്നത്? പാർവതിയുടെ ഈ ചോദ്യത്തിനു ശിവന്റെ ഉപദേശരൂപേണയുള്ള മറുപടിയാണു ഗുരുഗീതയിലെ പ്രതിപാദ്യവിഷയം. ത്രിമൂർത്തികൾക്കുവരെ മുക്തിയില്ല. ആ പരന്റെ കർമവും ജ്ഞാനവും എങ്ങനെയെത്തുന്നു, അത് ശിഷ്യൻ എങ്ങനെ മനസ്സിലാക്കുന്നു, അത് എങ്ങനെ മുക്തിക്കുതകുന്നു എന്നീ വിഷയങ്ങളാണു ഗുരുഗീതയിൽ പരാമർശിച്ചിട്ടുള്ളത്.

മനുഷ്യാത്മാക്കളെല്ലാം പല കാലങ്ങളായി ത്രിമൂർത്തിസമ്പ്രദായത്തിലെയോ മനു പരമ്പരയിലെയോ കർമങ്ങളിൽപ്പെട്ടു നിൽക്കുന്നവരാണ്. ഏതു കർമത്തിൽപ്പെട്ടു നിന്നാലും അവന്റെ കർമം അവൻ ചെയ്യുന്നതിലുപരി മറ്റൊന്നിലോട്ടും പോവുകയില്ലെന്ന് സംശയാതീതമായി തെളിയുകയും ചെയ്തിരിക്കുന്നു. ഇത് മനുവിന്റെ ആദിമാർഗത്തിൽപ്പെട്ടതാണെന്നു വിശ്വസിക്കപ്പെടുന്നു.

ദേവമാർഗം, ആചാര്യമാർഗം, പ്രവാചകമാർഗം ഇതിലേതെങ്കിലുമൊരു മാർഗത്തിലാണല്ലോ മനുഷ്യമക്കൾ ഇന്നോളം വിശ്വസിച്ചുപോന്നിട്ടുള്ളത്. ഈ എല്ലാ മാർഗങ്ങളെയും, എല്ലാറ്റിലുമുള്ള സ്ഥൂലം, സൂക്ഷ്മം, കാരണം, കാര്യം എന്ന ക്രമമനുസരിച്ചു വന്നിട്ടുള്ള കർമങ്ങളെയും ഓരോന്നിലും സ്ഥിതി ചെയ്യുന്ന നന്മതിന്മകളുടെ തൂക്കത്തെയും തെറ്റു വരാൻ കാരണമായ ഭ്രംശങ്ങളെയും അതിനുള്ള തിരുത്തുകളെയും നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. കലികാലത്തിൽ നാമസ്മരണം എന്നു പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ എന്താണെന്ന് അനുഭവത്തിൽ എടുത്തുകണ്ടിട്ട്, അതിന്റെ സ്ഥൂലവും സൂക്ഷ്മവും കാരണവുമായിരിക്കുന്ന കാര്യത്തെ എടുത്തുകണ്ട് ദേവൻ, ആചാര്യൻ, പ്രവാചകൻ, ഋഷി, സന്ന്യാസി - അങ്ങനെ സംജ്ഞാരൂപത്തിൽ എന്തൊക്കെയുണ്ടോ അതിനെയൊക്കെയും അതിന്റെ കർമവും ആ കർമങ്ങളെ ജോഡിപ്പിച്ചിരിക്കുന്ന സ്ഥൂലസൂക്ഷ്മകാരണങ്ങളായ കഴിഞ്ഞുപോയ കർമങ്ങളെയും കണ്ടറിഞ്ഞിട്ട് അനുഭവരംഗത്തും കർമരംഗത്തുമുള്ള ശിഷ്യനെ തിരുത്തുന്നതാണു നമ്മുടെ മാർഗം.

സ്ഥൂലം, സൂക്ഷ്മം, കാരണം, കാര്യം ഇത്രത്തോളം തിരുത്തുന്ന വഴി കുറവാണ്. നമ്മുടെ വഴി അതാണ്. ഇന്നോളം വന്നിട്ടുള്ള ഗുരുക്കന്മാരും ജ്ഞാനികളും കരുണാർദ്രത പൂണ്ട അവരുടെ മഹത്വത്തിൽ നിന്ന് നമുക്കു വരുന്ന തെറ്റിനെ തിരുത്തിത്തരുന്ന രീതി. അതിനെ വീണ്ടും തെറ്റുകൂടാതെ തിരുത്തി എടുക്കുന്ന ഗുരുമാർഗമാണു നമ്മുടെ വഴി. ഇവിടെ ചിലർക്ക് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകളിൽ ചിലതെല്ലാം കാണുകയും കേൾക്കുകയും ചെയ്യാം. തുരീയം, തുരീയാതീതം എന്ന രണ്ടവസ്ഥകളിൽ ജാഗ്രത് - സുഷുപ്തി വരുന്ന അവസരങ്ങളിൽ അതെന്തെന്നു വ്യവച്ഛേദിച്ചു ബോധ്യപ്പെടുത്തിക്കൊടുത്ത് ജ്ഞാനിയുടെ ഔന്നത്യത്തോളം ശിഷ്യനെ എത്തിക്കുന്നതാണ് ഇവിടത്തെ ഗുരുശിഷ്യ ബന്ധം അഥവാ ഗുരുകാരുണ്യമെന്ന മഹിമ.

യഥാർത്ഥ വർണാശ്രമധർമത്തിന്റെ വകതിരിവിന്റെ അർത്ഥം ഗ്രഹിക്കാത്ത, എന്നാൽ കലികാലത്തു പൂർണമായ ആത്മജ്ഞാനത്തിന് അധികാരിയായ ശൂദ്രനും ബ്രാഹ്മണനും ക്ഷത്രിയനും എല്ലായ്പ്പോഴും കച്ചവടക്കാരനും ധനാഢ്യനുമായ കർമി മാത്രമായിരിക്കാൻ ആഗ്രഹിക്കുന്ന വൈശ്യനും ഒരുപോലെ മുക്തി വിധിക്കപ്പെട്ടിരിക്കുന്ന കാലമാണ് കലി. അതിനാലാണ് ജന്മം നൽകി കലികാലമൊന്നു കാണാൻ അനുവദിക്കണേ ഭഗവാനേ എന്ന് ഋഷിമാർപോലും പ്രാർത്ഥിച്ചിരിക്കുന്നത്. ജന്മം കിട്ടുന്നത് ഭാരതത്തിൽത്തന്നെ ആയിരിക്കുകയും വേണം. എല്ലാവിധ ഋഷിപരമ്പരകളുടെയും ജ്ഞാനത്തിന്റെ വിളഭൂമിയാണു ഭാരതം. ഗുരുഗീത പോലുള്ള ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ജ്ഞാനകാണ്ഡം മനുഷ്യൻ കർമം കൊണ്ടറിഞ്ഞെടുക്കേണ്ടതാണ്.

## വചനദീപ്തി

*മനസ്സാണ് എല്ലാവിധ ദുഃഖത്തിനും*
*ബന്ധനത്തിനും ഏകഹേതു.*

**യോഗവാസിഷ്ഠം**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

24.10.2019 - **ശാന്തിപുരം, രത്നഗിരി, ജ്യോതിപുരം**

25.10.2019 - **ആനന്ദപുരം**

## യാമപ്രാർത്ഥന

2019 ഒക്ടോബർ 24 :- 12 PM- 3 PM

# ആനന്ദാതിരേകമരുളുന്ന അവാച്യാനുഭവങ്ങൾ

**പ്രകാശപഥം**

ഗുരുവിന്റെ ജന്മാന്തരസഞ്ചിതമായ സുകൃതം ആ അമോഘരസങ്ങൾ സ്ഫുരിക്കുന്ന ഭാവങ്ങൾ നുകരും തോറും , "എനിക്കു മതിയാകുന്നില്ല, എനിക്കു മതിയാകുന്നില്ല" എന്നു വീണ്ടും വീണ്ടും വിളിച്ചു പറയാൻ ഞാൻ ആഗ്രഹിച്ചു പോകുന്നു. ആ ഗംഭീരസങ്കല്പശക്തി നിർലോഭം പങ്കുവയ്ക്കുന്ന നിന്റെ ആ ത്യാഗധന്യത, ആ ധീരാനുകമ്പ എനിക്ക് നിത്യസ്മരണാഞ്ജലിയാണ്. അതിന്റെ സഫലതയിൽ അതിലായിത്തീരാനുള്ള ഭാഗ്യം വിധിവിഹിതമാണല്ലോ.

സശരീരനായി ഇരുന്നുകൊണ്ട് നീ ജയന്തി സന്ദേശങ്ങൾ പറഞ്ഞുതന്നപ്പോഴെല്ലാം ഞാൻ ആ കനിവിന്റെ ഛായയിൽ ഇരിക്കാറുണ്ടായിരുന്നല്ലോ. ഇപ്പോഴും ജയന്തിസന്ദേശം പറഞ്ഞു കിട്ടുന്നതിനായി ഞാൻ നിന്റെ മുമ്പിലിരിക്കുമ്പോൾ നിരവധി ജയന്തിസ്മൃതികൾ ഒരുമിച്ചോടിയെത്തി എന്നെ തഴുകാറുണ്ട്. പ്രത്യക്ഷാവഹം ധർമത്തിന്റെ മികവിൽ നീയാകുന്ന സങ്കല്പ ശക്തി കോമളകാഞ്ചനരൂപമായി എന്റെ മുമ്പിൽ വന്നിരുന്ന് ഉദീരണം ചെയ്യുന്ന മൊഴിമുത്തുകൾ ഞാൻ എന്റെ ജീവനിൽ ഒപ്പിയെടുക്കുന്നു.

എന്തെങ്കിലും 'കുറിക്കാൻ' തോന്നുമ്പോൾ 'കൊച്ചേ' എന്ന് വാൽസല്യപൂർവ്വം വിളിച്ച്,"എനിക്ക് ഒന്നു തോന്നി. പിന്നെ അതുപോലെ വരില്ല. പേപ്പറും പേനയും എടുക്ക്" എന്നു പറയും. അങ്ങനെ പറഞ്ഞു തീരുംമുമ്പ് ആ മുഖത്തുനിന്നും ഉറവ പൊട്ടിയിട്ടുണ്ടാകും. പദസഞ്ചയം അനർഗളപ്രവാഹമായി മാറും. ചില സന്ദർഭങ്ങളിൽ ഗുരു പറയും, "അവരെ വിളിക്ക്". ആരെ ഗുരോ എന്നു ചോദിക്കുമ്പോൾ, "കൃഷ്ണപിള്ള സാറും സതീശനും അവിടെ എവിടെയെങ്കിലും ഉണ്ടെങ്കിൽ വിളിക്ക്". ഈ അടുത്ത നാൾ ഒരു ദിവസം ഗുരു വാൽസല്യം നിറഞ്ഞ ഭാവത്തിൽ ചിരിച്ചുകൊണ്ട് പറഞ്ഞു. "അതാരാ വരുന്നതെന്നു നോക്ക്, ആ കൊച്ചു ചെറുക്കൻ. തുറന്നുകൊടുക്ക്". എന്നിട്ട് ഗുരു ചിരിക്കുന്നു. ഞാൻ തുറന്നു നോക്കിയപ്പോൾ കൃഷ്ണപിള്ള സാർ.

ഗുരുവിന്റെ ആ സംഭാഷണരീതി, ആ തമാശ, ആ അഭിനയം അതിനൊന്നും യാതൊരു മാറ്റവുമില്ല. അതേ രീതിയിൽ തന്നെ തനിപ്പകർപ്പായിട്ട് ഇപ്പോഴും തുടരുന്നതായി ഞാൻ കാണുന്നു. ഗുരു കട്ടിലിൽ ഇരുന്നു ഷാൾ ചൂടുന്നതും ബ്രഹ്മം തന്നെക്കൊണ്ട് ചെയ്യിക്കുന്ന ആ വ്യക്തിജീവിത കർത്തവ്യത്തിന്റേതായ നിശ്ചയദാർഢ്യം സ്ഫുരിക്കുന്നതും ഗുരു സശരീരനായി ഇരുന്നു കൊണ്ട് എഴുതാൻ പറയുമായിരുന്ന അതേ രൂപത്തിൽ, അതേ ഭാവത്തിൽ, മേശയുടെ അടുത്തേക്ക് നീങ്ങിയിരിക്കുന്നതും കൈവിരൽ ആ പ്രത്യേക രീതിയിൽ അനക്കിക്കൊണ്ട് ഓരോരുത്തരെയും മാറി മാറി നോക്കിക്കൊണ്ട് വാക്കുകൾ വിഘടിക്കാത്ത വാചകങ്ങളായി പറഞ്ഞുതരുന്നതും, ഗുരു എഴുന്നേറ്റ് ചാരുള്ള കസേരയിൽ ഇരുന്ന് പാദങ്ങൾ മേശയുടെ കീഴ്ത്തട്ടിൽ വെച്ച് വിരലുകൾ അനക്കുന്നതുമായ എത്രയെത്ര സുന്ദര കാഴ്ചകൾ! തനിമയാർന്നതും ചേതോഹരവുമായ കാഴ്ചകൾ! ആനന്ദാതിരേകമരുളുന്ന അവാച്യാനുഭവങ്ങൾ എനിക്കു പറയാനുണ്ട്.

ധർമസ്വരൂപമായി പ്രകാശിച്ചു നിൽക്കുന്ന ആ ദിവ്യാത്മരൂപം ബ്രഹ്മേച്ഛ അനുസരിച്ചു മാത്രമേ ഇപ്പോഴും പ്രവർത്തിക്കാറുള്ളൂ. ഗുരുവിന്റെ ജീവൻ മന്വന്തരത്തിൽത്തന്നെ എല്ലാക്കാലത്തും ജനിക്കണമെന്നില്ല. എന്നാൽ ദർശനവശത്തു കൂടി എല്ലാക്കാലത്തും തിരുത്തും. അത് ബ്രഹ്മകല്പിത പ്രതിഭാസമാണ്. "നിങ്ങളുടെ ഗുരുവിന്റെ ജീവനെ കൊണ്ടുവരുവാൻ യുഗാന്തരങ്ങളായി ഞാൻ കാത്തിരുന്നു. അതുകൊണ്ട് തെറ്റിക്കരുത്" എന്ന് ആ ബ്രഹ്മശക്തി, നാമങ്ങൾ കൊണ്ട് പറയാൻ കഴിയുന്നതും അല്ലാത്തതുമായ പലപല വിധങ്ങളിൽ, പലപലഭാവങ്ങളിൽ എന്നോട് പറഞ്ഞിട്ടുണ്ട്.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ശാന്തിഗിരിയുടെ ധർമ്മസിദ്ധാന്തം

സത്യത്തിന്റെ പരിപൂർണ്ണത കാലങ്ങൾക്കും കാലാന്തരങ്ങൾക്കും കാലദേശങ്ങൾക്കും അപ്പുറമാണ് പ്രതിഭാസിക്കുന്നത് എന്നു സിദ്ധാന്തിക്കാത്ത ധർമ്മശാസ്ത്രങ്ങൾ ഒന്നുമില്ല. തത്വശാസ്ത്രങ്ങളുടെ അടിസ്ഥാനപ്രമേയം തന്നെ ഇതാണെന്നു പറയാം. ഇവിടെ ജാതിജന്യമായ ഉച്ചനീചത്വങ്ങൾ എങ്ങനെയുണ്ടായി?

കാലദേശങ്ങൾക്കും അപ്പുറമാണ് പ്രതിഭാസിക്കുന്നത് എന്നു സിദ്ധാന്തിക്കാത്ത ധർമ്മശാസ്ത്രങ്ങൾ ഒന്നുമില്ല. തത്വശാസ്ത്രങ്ങളുടെ അടിസ്ഥാനപ്രമേയം തന്നെ ഇതാണെന്നു പറയാം. ഇവിടെ ജാതിജന്യമായ ഉച്ചനീചത്വങ്ങൾ എങ്ങനെയുണ്ടായി?

ഭൂമിയിൽ കാലാതീതമായ ആധിപത്യം ഉറപ്പിക്കാനും അതിന്റെ ഭാവിപരിണാമത്തിന് ഉത്തരവാദിത്വം വഹിക്കാനുമുള്ള മൂല്യങ്ങൾ മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നു. ആ മൂല്യങ്ങൾ സ്വന്തം ജീവിതത്തിൽനിന്നുതന്നെ കടഞ്ഞെടുക്കേണ്ടവയാണ്. പക്ഷേ നാം ക്ഷുബ്ധരും അനവധി ക്ലേശങ്ങൾകൊണ്ട് ക്ഷീണിതരുമാണ്. നിതാന്തമായ പാരതന്ത്ര്യവേദനയാൽ നമ്മൾ സംഘർഷഭരിതരാണ്. ഇതു നാം തിരിച്ചറിയണം. ജാതിയാണ്, ജാതിയുടെ രൂപം ധരിച്ച ഈ ലോകമാണ്, അതിന്റെ പ്രഭാവവൈപുല്യമാണ് നമ്മുടെ ചിരന്തനമായ ദുരന്തത്തിന് സർവാസ്പദം എന്നു നമ്മൾ തിരിച്ചറിയണം.

ഈ ദുരന്തത്തിൽ നിന്നു നമുക്കു മോചനം ലഭിക്കണമെങ്കിൽ, പാരതന്ത്ര്യവേദനയിൽനിന്ന് സ്വാതന്ത്ര്യബോധത്തിലേക്ക് ഉണരണമെങ്കിൽ നാം സമരസജ്ജരാകണം. അതായത് ജീവനെക്കൊണ്ട് സമരം ചെയ്യിക്കാൻ സ്വയം സജ്ജരാകണം. ജാതിജന്യമായ വികാരങ്ങളിൽ പറ്റിപ്പിടിച്ച് തൃപ്തികൊണ്ടിരിക്കുന്ന മൃഗസ്വഭാവികളായി മനുഷ്യന്റെ കോലത്തിൽ നടക്കുന്നവരാണ് നമ്മൾ - 'മനുഷ്യരൂപേണ മൃഗാശ്വരന്തി'. ഈ സ്ഥിതി മാറണം. പരിണാമത്തിന്റെ അതീതഘട്ടങ്ങളിൽ കൂടിയെല്ലാം നമ്മെ കടത്തിക്കൊണ്ടുപോയി ഇന്നത്തെ നിലയിൽ എത്തിച്ചിരിക്കുന്ന ഒരു അമൂല്യനിധി നമ്മുടെ ആത്മാവിൽ അന്തർഭാവം ചെയ്യുന്നുണ്ട്. അതാണ് പുണ്യാംശം. ആത്മാവിന്റെ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത സാധ്യതകളെ ആരാഞ്ഞിറങ്ങാൻ നമ്മളെ സഹായിക്കാൻ പുണ്യാംശത്തിനു മാത്രമേ കഴിയൂ. മനുഷ്യസാഫല്യത്തിലേക്കുള്ള വേഗത വർദ്ധിപ്പിക്കുന്ന അഗമ്യമായ ഇച്ഛാശക്തി ഉളവാക്കുന്നതും പുണ്യാംശം തന്നെ.

സാഹചര്യങ്ങളുടെ സൃഷ്ടികളായി ഇന്ദ്രിയദ്വാരാ കിട്ടുന്ന ഇത്തിരി സുഖത്തിനുവേണ്ടി മാത്രം കൊതിച്ചു ജീവിക്കുന്ന നമുക്ക് പൂർണമായ അനശ്വരതയുടെ അവകാശികളായിത്തീരാൻ പ്രാപ്തരാക്കുന്ന പുണ്യാംശത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. പുണ്യാംശം കൊണ്ട് മാത്രമേ ആത്മാവിന്റെ നിസർഗശുദ്ധിയും പൂർണതയും സാക്ഷാത്കരിക്കാൻ കഴിയൂ. അങ്ങനെ തെളിക്കപ്പെടുന്ന അഗാധകാമനകളിൽ നമ്മളെപ്പറ്റിയും നമ്മുടെ വിപുലങ്ങളായ ശക്തികളെപ്പറ്റിയും ഉള്ള അറിവുകൾ അനുഭവമായി പ്രതിബിംബിക്കും. അതാണ് ജീവിതത്തിന്റെ ഗഹനതമമായ ഭാവങ്ങൾ. അത് സമസ്തജ്ഞാനങ്ങളുടെ സാരസംഗ്രഹമായ ഗുരുവാണ്. കാലങ്ങൾക്കോ ദേശങ്ങൾക്കോ പരിമിതപ്പെടുത്താനാവാത്ത ശാന്തിഗിരിയുടെ ധർമ്മസിദ്ധാന്തം ഗുരുധർമ്മമാണ്. മഹാമതികളുടെ ചിന്തയിലും വാക്കിലും പ്രകടീഭവിക്കുകയും കർമ്മംകൊണ്ട് ഫലവത്താകാതെ, കേവലം ചിന്തയായി മാത്രം അവശേഷിക്കുകയും ചെയ്യുന്ന ഗോത്രപരിശുദ്ധി എന്ന അതിമഹത്വമാർന്ന ആശയം ഈ ധർമ്മസിദ്ധാന്തത്തിൽ സഫലീകൃതമാകുന്നു.

## സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി ജനറൽ സെക്രട്ടറിയുടെ ഓഫീസ് ഇൻചാർജ്

**സ്പിരിച്വൽ സോൺ :** സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വിയെ ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഓഫീസ് ഓഫ് ദി ജനറൽ സെക്രട്ടറി ആയി നിയമിച്ചു. 2009 ൽ സന്ന്യാസ ദീക്ഷ ലഭിച്ച സ്വാമി ചന്ദിരൂർ, കണ്ണൂർ, എറണാകുളം, കോട്ടയം, കോന്നി, കൊല്ലം ആശ്രമം ബ്രാഞ്ചുകളുടെ ചുമതല വഹിച്ചിരുന്നു. കാഞ്ഞാംപാറ കൃപതിൽ ഡി മത്തായിക്കുട്ടിയുടെയും ഏലിക്കുട്ടിയുടെയും മകനാണ്.



*സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി*

## കന്യാകുമാരി ആശ്രമം ബ്രാഞ്ച് വാർഷികം

**കന്യാകുമാരി :** ശാന്തിഗിരി ആശ്രമം, കന്യാകുമാരി ബ്രാഞ്ചിന്റെ 15-ാം വാർഷികം ഒക്ടോബർ 13 പൗർണ്ണമി ദിനത്തിൽ സമുചിതമായി ആഘോഷിച്ചു. ഇതിനോടനുബന്ധിച്ച് നടന്ന വാർഷിക സമ്മേളനം കൂടംകുളം ന്യൂക്ലിയർ പവർ പ്രോജക്ട് ഡയറക്ടർ ബി.എ. സുരേഷ്ബാബു ഉദ്ഘാടനം ചെയ്തു. റിട്ട.ജില്ലാ ജഡ്ജി ആർ.ഡി. സന്തോഷം മുഖ്യാതിഥിയായിരുന്നു. ജനനി അഭയ ജ്ഞാനതപസ്വിനി, സ്വാമി മുക്തചിത്ത ജ്ഞാനതപസ്വി, രാജയോഗിനി ബ്രഹ്മകുമാരി കോകില, ശ്രീരാമചന്ദ്ര മിഷനിലെ രാജതിരുമണി, ഡോ.ടി. എസ്.സോമനാഥൻ, മോഹൻകുമാർ എം, വി.ശിവകുമാർ, പി.മുത്തുരാജലിംഗം, എസ്.മുരളി, ഡോ.എസ്.കർപ്പഗം, പി.ജഗദീശൻ, ആർ.ആനന്ദൻ, എന്നിവർ സംബന്ധിച്ചു. വൈകുന്നേരം നടന്ന ദീപപ്രദക്ഷിണത്തിൽ നൂറുകണക്കിന് ഗുരുഭക്തർ പങ്കെടുത്തു.



*ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ച് വാർഷിക സമ്മേളനം*

## ഗുരുധർമ്മപ്രകാശസഭ ചുമതല പുനഃക്രമീകരിച്ചു

**സ്പിരിച്വൽ സോൺ :** ഒക്ടോബർ 15ന് ചേർന്ന ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഗുരുധർമ്മ പ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുനഃക്രമീകരിച്ചു.

**സ്വാമി ജയദീപ്തൻ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ്

**സ്വാമി ജനനന്മ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഇന്റർനാഷണൽ ഓപ്പറേഷൻസ്, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, അഹമ്മദാബാദ് റീജ്യൺ, ബറോഡ റീജ്യൺ, ഛത്തീസ്ഗഢ് റീജ്യൺ, മുംബൈ റീജ്യൺ, ആർട്സ് & കൾച്ചർ

**സ്വാമി മധുശ്രീ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ്

**സ്വാമി മനുചിത്ത് ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം ബങ്കലുരു റീജ്യൺ ഓഫീസ്, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, മൈസുരു ഏരിയ, ശാന്തിഗിരി ആശ്രമം, കൃഷ്ണഗിരി ബ്രാഞ്ച്

**സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഫിനാൻസ്, അഡീഷണൽ ചാർജ്-മാർക്കറ്റിംഗ്, ശാന്തിഗിരി ഹെൽത്ത്കെയർ പ്രോഡക്ട്സ്, മെറ്റീരിയൽസ് മാനേജ്മെന്റ്

**സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ, അഡീഷണൽ ചാർജ്-ക്വാളിറ്റി അഷ്വറൻസ്, ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ, ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്മെന്റ്

**സ്വാമി അർച്ചിത് ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പാലക്കാട് ഏരിയ

**സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) വടകര ഏരിയ

**ജനനി കൃപ ജ്ഞാനതപസ്വിനി :** പ്രിൻസിപ്പാൾ, ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ

**ജനനി നിത്യരൂപ ജ്ഞാനതപസ്വിനി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹെർബൽ സോപ്സ്

ഡയറക്ടർ ബോർഡിൽ ചുവടെ ചേർത്തിരിക്കുന്ന ബ്രഹ്മചാരിമാരുടെ ചുമതലയും പുനഃക്രമീകരിച്ചു.

**മനോജ്കുമാർ കെ.പി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മധുരൈ ബ്രാഞ്ച്

**ബാബു ഇ.ഒ. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊല്ലം ഏരിയ (സിറ്റി)

**ജയചന്ദ്രൻ എൻ.പി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) കാന്റീൻ, റിസർച്ച്സോൺ

മുൻ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതല ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചിരുന്നു.

**ജനനി കല്പന ജ്ഞാനതപസ്വിനി :** ഹെഡ് (അഡ്മിനിസ്ട്രേഷൻ) എജ്യുക്കേഷൻ

**ജനനി നന്മപ്രിയ ജ്ഞാനതപസ്വിനി :** ഹെഡ് (സർവ്വീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ്, അഡീഷണൽ ചാർജ്-(അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ ഗേൾസ് ഹോസ്റ്റൽ & ലേഡീസ് അക്കോമഡേഷൻ, ശാന്തിഗിരി മധുരം ബേക്കറി

**സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, സർജാപൂർ റോഡ് ബ്രാഞ്ച്

**സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഓഫീസ് ഓഫ് ദി പ്രസിഡന്റ്

**സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് (പൂജ കോ-ഓർഡിനേഷൻസ്)

**സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഹരിപ്പാട് ഏരിയ

**സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ന്യൂഡൽഹി സോൺ

**സ്വാമി ഭാസുര ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മലപ്പുറം ഏരിയ

**സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോട്ടയം ഏരിയ

**സ്വാമി വത്സലൻ ജ്ഞാനതപസ്വി :** എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു ജനറൽ സെക്രട്ടറി

**ജനനി വിനയ ജ്ഞാനതപസ്വിനി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മുദ്രണാലയം

**ജനനി പ്രമീള ജ്ഞാനതപസ്വിനി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഹെൽത്ത് & ഫാമിലി വെൽഫയർ

**ജനനി മംഗള ജ്ഞാനതപസ്വിനി :** ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മാതൃമണ്ഡലം, അഡീഷണൽ ചാർജ്-ശാന്തിഗിരി സുഖംതരും പുടവ

ബ്രഹ്മചാരി ബ്രഹ്മചാരിണി സംഘത്തിന്റെ ചുമതല ചുവടെ ചേർക്കുന്നു

**ഹരികൃഷ്ണൻ ജി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ബങ്കലുരു റീജ്യൺ

**ശ്രീജിത് എം.വി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ജന്മഗൃഹം, ശാന്തിഗിരി ആശ്രമം, ചന്ദിരൂർ ബ്രാഞ്ച്

**അനൂപ് ടി.പി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വൈക്കം ഏരിയ

**മധുസൂദനൻ പി.പി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ്

**മഹേഷ് പി.പി. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ഏരിയ

**ഷൈബി എ.എൻ :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ഫ്ളവർസ് & ഗാർഡൻസ്

**അനിത എസ്. :** കോ-ഓർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മധുരം ബേക്കറി

## സമ്മാനം നേടി

**തിരുവനന്തപുരം:** കോളേജ് വിദ്യാർത്ഥികൾക്കായി നെഹ്റു യുവകേന്ദ്ര ദേശീയതലത്തിൽ നടത്തിയ 'പാട്രിയോട്ടിസം & നാഷണൽ ബിൽഡപ്' എന്ന വിഷയത്തിൽ നടത്തിയ ജില്ലാതല പ്രസംഗ മത്സരത്തിൽ പിരപ്പൻകോട് യു.ഐ.റ്റി.ഇംഗ്ലീഷ് സാഹിത്യ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയായ വന്ദിത ബാബു രണ്ടാം സ്ഥാനം നേടി. ശാന്തിഗിരി ഗുരുമഹിമ ഗവേണിംഗ് കമ്മിറ്റി കോ-ഓർഡിനേറ്ററാണ്.



*വന്ദിത ബാബു*

## ദിവംഗതരായി



*വി.എം. ശ്രീധരൻ*

**കോട്ടയം:** പൂഞ്ഞാർ വാലാനിക്കൽ വി.എം. ശ്രീധരൻ (95) ഒക്ടോബർ 14 ന് ദിവംഗതനായി.റിട്ട.വില്ലേജ് ഓഫീസറായിരുന്നു. സംസ്കാരം നടന്നു. ഭാര്യ : ദിവംഗതയായ ഭാരതി. മക്കൾ: സുധാകരൻ വി.എസ്, ശ്രീകലവി.എസ്.മരുമക്കൾ : സുധ ഒ.എസ്., സജീവ് ടി.ഒ. (ഡെപ്യൂട്ടി ജനറൽ മാനേജർ, ശാന്തിഗിരി ആശ്രമം കോട്ടയം ഏരിയ ഓഫീസ്).



*പുരുഷോത്തമൻ എസ്.കെ*

**വെഞ്ഞാറമൂട് :** പുല്ലമ്പാറ ഗുരുവന്ദനത്തിൽ പുരുഷോത്തമൻ എസ്.കെ (67) സെപ്തംബർ 21 ന് കോയമ്പത്തൂരിൽ വെച്ച് ദിവംഗതനായി.സംസ്കാരം നടന്നു. ഭാര്യ : പങ്കജവല്ലി എം. മക്കൾ : രാജശേഖർ പി., ദിവംഗതരായ സുരേഷ് പി., ശ്രീവത്സൻ പി.

# സഹോദയ കലാമേളയിൽ സുവർണ്ണ നേട്ടവുമായി ശാന്തിഗിരി വിദ്യാഭവൻ

**എജ്യുക്കേഷൻ സോൺ :** വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയത്തിൽ വെച്ച് നടന്ന ജില്ലാ കലാമേളയിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ഉജ്ജ്വലനേട്ടം. ഗ്രൂപ്പ് ഡാൻസ്, ഒപ്പന എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനവും ദഫ്മുട്ടിന് രണ്ടാം സ്ഥാനവും ലഭിച്ചു. കഥാരചനയിൽ പ്ലസ് വൺ വിദ്യാർത്ഥിനി വൈഷ്ണ എസ്.വി.യും ഇംഗ്ലീഷ് പ്രസംഗ മത്സരത്തിൽ നമ്മപ്രിയ ആർ. വന്ദന എ., ഇംഗ്ലീഷ് പ്രസംഗത്തിൽ നാലാം ക്ലാസ്സ് വിദ്യാർത്ഥിനി ചന്ദന സി., മലയാളം കഥാരചനയിൽ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി സൗപർണ്ണിക എച്ച്.എസ്., ഡിജിറ്റൽ പെയിന്റിംഗിൽ ഇതൾ കെ.ജിജു, പെൻസിൽ ഡ്രോയിംഗിൽ ജിഷ്ണു എസ്.കുമാർ, ഇംഗ്ലീഷ് കഥാരചനയിൽ സംവൃത വിചിത്രൻ എന്നിവർ രണ്ടാം സ്ഥാനവും മലയാളം കഥാരചനയിൽ മനുശ്രീ ജെ.ആർ., ആങ്കി



ഗ്രൂപ്പ് ഡാൻസ് ഒന്നാംസ്ഥാനം നേടിയ ടീം



ഗൗതമി എം.ലാൽ



ഹിബ ഫാത്തിമ



വൈഷ്ണ എസ്.വി.



നമ്മപ്രിയ ആർ.എസ്.



ഗൗരി ശങ്കർ

എസും ഒന്നാം സ്ഥാനം നേടി. മലയാളം തത്സമയ ഭാഷണത്തിൽ ഗൗരി ശങ്കറും മലയാളം കവിതാരചനയിൽ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി ഗൗതമി എം.ലാലും ഇംഗ്ലീഷ് കവിതാരചനയിൽ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി ഹിബ ഫാത്തിമ ഒന്നാം സ്ഥാനം നേടി. മലയാളം കവിതാലാപനത്തിൽ ഏഴാംക്ലാസ്സ് വിദ്യാർത്ഥിനി ഗുരുരിംഗിൽ അനന്തകൃഷ്ണൻ എം. എന്നിവർ മൂന്നാം സ്ഥാനവും നേടി. ഭരതനാട്യത്തിൽ ദേവപ്രിയ എ.ആർ., നാടോടിനൃത്തത്തിൽ സുരഭി എസ്. എന്നിവർ എ ഗ്രേഡ് സ്വന്തമാക്കി.

ജില്ലയിലെ സി.ബി.എസ്.ഇ സ്കൂളുകളിൽ നിന്ന് നിരവധി വിദ്യാർത്ഥികൾ സഹോദയ കലാമേളയിലെ മത്സരങ്ങളിൽ പങ്കെടുത്തു.



ഒപ്പനയിൽ ഒന്നാം സ്ഥാനം നേടിയ ടീം



ശാന്തിഗിരി മാതൃമണ്ഡലം പുതിയ ഗവേണിംഗ് കമ്മിറ്റി ഓഫീസിന് ജനനി സുപഥ ജ്ഞാനതപസ്വിനി തിരിതെളിയിക്കുന്നു

# ജനകീയസമിതി പുരസ്കാരം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക്

**തിരുവനന്തപുരം :** ജനകീയസമിതി രാഷ്ട്രസേവാപുരസ്കാരം ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് ലഭിച്ചു. ആത്മീയരംഗത്ത് മാനവസൗഹാർദ്ദം നിലനിർത്തുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് സ്വാമിക്ക് പുരസ്കാരം നൽകുന്നത്. 25,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്. 25ന് തിരുവനന്തപുരം പ്രസ്സ്ക്ലബ്ബിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ നൽകുമെന്ന് പുരസ്കാരസമിതി ചെയർമാൻ സി.പി.നായർ സമിതി ഭാരവാഹികളായ അനി വർഗ്ഗീസ്, ജോർജ് തഴക്കര എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

മാധ്യമ അവാർഡുകൾ മാതൃഭൂമി ആലപ്പുഴ ചീഫ് റിപ്പോർട്ടർ എസ്.ബി.വേണുകുമാറിനും മലയാളമനോരമ തിരുവനന്തപുരം പ്രത്യേക ലേഖകൻ സുജിത് നായർക്കുമാണ്. പ്രവാസി പുരസ്കാരം ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ഇ.പി.ജോൺസന് നൽകും.




# യോഗ ഇൻസ്ട്രക്ടർ കോഴ്സ്

**ഹെൽത്ത്കെയർ സോൺ :** മാനസിക ശാരീരിക ആരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും യോഗ പരിശീലിക്കാനും അതൊരു തൊഴിലായി സ്വീകരിക്കാനും ആഗ്രഹിക്കുന്നവർക്കായി ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ അവസരമൊരുക്കുന്നു.

യോഗാ ഇൻസ്ട്രക്ടർ ആകാൻ രണ്ടു ഘട്ടമായി മൂന്നു മാസം കൊണ്ട് പൂർത്തിയാക്കാവുന്ന നൂറുമണിക്കൂർ പരിശീലന ക്ലാസ്സുകൾ ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയിൽ നൽകി വരുന്നു.

താത്പര്യമുള്ളവർ താഴെ ചേർത്തിരിക്കുന്ന നമ്പരുകളിൽ ബന്ധപ്പെടുക :
9249439022,
7902265177


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala